നഗരസഭകൾക്ക് മാസ്റ്റർ പ്ലാനുകൾ

10 (*130) ശ്രീ. വി. ടി. ബൽറാം :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകൾക്ക് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

(എ) ഉണ്ട്. നഗരസഭകൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് 2008-09-ൽ "Preparation of Master Plan and Detailed Town Plans"എന്ന സ്കീം ആവിഷ്കരിക്കുകയും ആയതിന്റെ ഘട്ടം-1-ന് സ.ഉ.(സാധാ)നമ്പർ 3982/2008/ തസ്വഭവ തീയതി 13-1-2008 പ്രകാരം സർക്കാർ ഭരണാനുമതി നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തുടർന്ന് സ.ഉ.(സാധാ) നമ്പർ 2766/2009/ തസ്വഭവ തീയതി 24-10-2009 സ.ഉ. (സാധാ) നമ്പർ 2767/2009/ തസ്വഭവ തീയതി 24-10-2009 എന്നീ ഉത്തരവുകൾ പ്രകാരം മേൽ സ്കീമിന് ആവശ്യമായ വിശദ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് 2012-13-ൽ മേൽ സ്കീമിന്റെ രണ്ടാം ഘട്ടത്തിനായി സ.ഉ.(സാധാ) നമ്പർ 1376/2012/തസ്വഭവ തീയതി 17-5-2012, സ.ഉ.(സാധാ) നമ്പർ 2664/2012/ തസ്വഭവ തീയതി 24-9-2012 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തു. ആദ്യഘട്ടത്തിൽ 32 മാസ്റ്റർ പ്ലാനുകളും രണ്ടാം ഘട്ടത്തിൽ 29 മാസ്റ്റർ പ്ലാനുകളും (ഗ്രാമപഞ്ചായത്തുകൾക്കായുള്ള 2 മാസ്റ്റർ പ്ലാനുകൾക്ക് പുറമെ) തയ്യാറാക്കുന്നതിനായാണ് മേൽ സ്കീം വിഭാവനം ചെയ്തിരിക്കുന്നത്. ആദ്യഘട്ടത്തിൽ തയ്യാറാക്കി വന്ന 5 മാസ്റ്റർ പ്ലാനുകൾ സർക്കാർ അംഗീകരിക്കുകയും 12 പ്ലാനുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ രണ്ട് ഘട്ടങ്ങളും പൂർത്തീകരിക്കുന്ന മുറയ്ക്ക് സംസ്ഥാനത്തിലെ നിലവിലുള്ള എല്ലാ നഗരസഭകൾക്കും മാസ്റ്റർ പ്ലാനുകൾ നിലവിൽ വരികയും അതുവഴി സംസ്ഥാനത്തെ എല്ലാ മുനിസിപ്പൽ പ്രദേശങ്ങളുടെയും ദീർഘകാല പരിപ്രേക്ഷ്യത്തോടെയുള്ള ആസൂത്രിത വികസനം സാധ്യമാവുക എന്നതാണ് ടി സ്കീമിന്റെ മുഖ്യ ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത് നടപ്പാക്കുന്നതിലേക്കായി മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്)-ന്റെ മേൽനോട്ടത്തിൽ ഒരു Stake Holder Project Cell പ്രവർത്തിച്ചുവരുന്നു. കൂടാതെ സമയാസമയങ്ങളിൽ മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്) തലത്തിലും സർക്കാർ തലത്തിലും പ്രവർത്തന പുരോഗതി വിലയിരുത്തിവരുന്നു. കൂടാതെ ടി സ്കീമിന്റെ നടത്തിപ്പിനായി സർക്കാർ സ.ഉ.(സാധാ) നമ്പർ 2766/2009/തസ്വഭവ തീയതി 24-10-2009 ഉത്തരവുപ്രകാരം വിശദമായ മാർഗ്ഗ രേഖകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മാസ്റ്റർ പ്ലാനുകളുടെ സുഗമമായ രൂപീകരണത്തിനായി State Project Cell-ന്റെ ആഭിമുഖ്യത്തിൽ കാലാകാലങ്ങളിൽ വിവിധ Hand outs, Toolkits, Guidelines എന്നിവ പുറപ്പെടുവിക്കുന്നു.

ക്ഷീരമേഖലയിലെ സ്വയംപര്യാപ്തത

11 (*131) ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരമേഖലയെ സ്വയംപര്യാപ്തതയിലേക്ക് എത്തിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്):

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ ക്ഷീരമേഖലയെ സ്വയംപര്യാപ്തതയിലേക്ക് എത്തിക്കുന്നതിന് വകുപ്പ് വിവിധ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തമാക്കുക, കൂടുതൽ കർഷകരെയും സംരംഭകരെയും സ്വയം സഹായസംഘങ്ങളെയും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ക്ഷീര മേഖലയിലേക്ക് ആകർഷിക്കുക, ഈ രംഗത്തുള്ള കർഷകർക്ക് ലാഭകരമായ ക്ഷീരോൽപ്പാദനത്തിന് പ്രോത്സാഹനം നൽകുക, ഉൽപ്പാദനക്ഷമത കൂടിയ

LIBRARY ARCHIVES Kerala Legislative Assembly